പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1581 11.02.2013- ലെ മറുപടി

## പൊതുമാപ്പ് ലഭിച്ച മലയാളികളെ നാട്ടിലെത്തിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) യു. എ. ഇ. – യിൽ പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പൊതുമാപ്പ് ലഭിച്ച മലയാളികളെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) യു. എ. ഇ. യിൽ അനധികൃതമായി താമസിക്കുന്ന വിദേശികൾക്ക് നിയമപരമായി രാജ്യംവിടാൻ അവസരം നൽകുന്നതിനായി പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മലയാളികൾക്ക് എല്ലാതരത്തിലുള്ള സേവനങ്ങളും സഹായവും നൽകുന്നതിനായി യു. എ. ഇ. യിലെ ഇന്ത്യൻ അംബാസിഡർക്കും കേന്ദ്രവിദേശകാര്യമന്ത്രാലയം, കേന്ദ്ര പ്രവാസികാര്യമന്ത്രാലയം എന്നിവയ്ക്കും വിശദമായ അടിയന്തിര സന്ദേശങ്ങൾ അയച്ചിട്ടുണ്ട്. എമർജൻസി സർട്ടിഫിക്കറ്റിനു വേണ്ടിവരുന്ന ഫീസും മടക്കയാത്രക്ക് വേണ്ടിവരുന്ന വിമാനയാത്രാക്കൂലിയുടെ ഒരു ഭാഗവും സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.. |
| (ബി) ഏത് ഏജൻസിയുടെ മേൽനോട്ടത്തിലാണ് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) യു. എ. ഇ. യിലെ ഇന്ത്യൻ എംബസിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ബി.എൽ .സി ഏജൻസിയുടെ 14 ഓഫീസുകൾ യു. എ. ഇ. യിൽ വിവിധ ഇടങ്ങളിൽ തുറന്ന് ആവശ്യമായ ഉപദേശവും രേഖകളും നൽകിവരുന്നു. |
| (സി) ഇത് സംബന്ധിച്ച് ആരെല്ലാമായി ചർച്ച നടത്തിയാണ് നടപടികൾ സ്വീകരിക്കുന്നത്; | (സി) ഇത് സംബന്ധിച്ച് യു. എ. ഇ. യിലെ ഇന്ത്യൻ എംബസിയുമായി ചർച്ചകൾ നടത്തുന്നതിനും പ്രവാസി മലയാളികളുടെ തിരിച്ചുവരവ് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നോർക്ക – റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിലേക്ക് അയച്ച് ചർച്ചകൾ നടത്തുകയുണ്ടായി.. |
| (ഡി) മലയാളികളെ തിരികെ നാട്ടിലെത്തിക്കാൻ വേണ്ട ചെലവ് ആരാണ് വഹിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) പൊതുമാപ്പ് പ്രകാരം തിരികെ വരുന്ന മലയാളികൾക്ക് സൗജന്യമായി വിമാനടിക്കറ്റ് ഇന്ത്യാഗവൺമെന്റ് , എയർ ഇന്ത്യ , പ്രമുഖ വ്യക്തികൾ , സ്ഥാപനങ്ങൾ , സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് സമാഹരിച്ച് ലഭ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ചെലവിന്റെ ഒരു ഭാഗം സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഔട്ട്പാസ്/ പാസ്പോർട്ട് റിന്യൂവൽ ഫീസായ 60 + 9 ദിർഹം വഹിക്കുന്നതിനും സംസ്ഥാന സർക്കാർ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ